**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 902** **14-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരകാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ ,<br>ഡോ. എൻ. ജയരാജ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയും പ്രതികൂലകാലാവസ്ഥയും സംസ്ഥാനത്ത് ക്ഷീരോല്പാദനമേഖലയിൽ എന്തെല്ലാം പ്രതിസന്ധികളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് മഹാമാരി മൂലമുണ്ടായ ലോക്ക്ഡൗൺ കാലയളവിൽ പാൽ യഥാസമയം സംഘങ്ങളിൽ എത്തിക്കു ന്നതിന് തടസം നേരിട്ടു. കടകൾ അടഞ്ഞ് കിടന്നത് പാൽ വിൽപ്പനയെ പ്രതികൂലമായി ബാധിച്ചു. ക്ഷീര കർഷകർ, കറവക്കാർ എന്നിവർക്ക് കോവിഡ് ബാധിച്ചതും ക്ഷീര മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പ്രതികൂല കാലാവസ്ഥയും, കോവിഡ് വ്യാപനവും കാലിത്തീറ്റ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതയേയും പ്രതികൂലമായി ബാധിച്ചു. |
| (ബി) | പ്രസ്തുത കാലയളവിൽ പാൽ ഉല്പാദനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ആയത് പരിഹരിയ്ക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഏപ്രിൽ 2020-ൽ പാലുല്പാദനം പ്രതിദിനം 16.8 ലക്ഷം ലിറ്ററായി കുറഞ്ഞിരുന്നു. ഇത് പരിഹരിക്കുന്ന തിന് തീറ്റവസ്തുക്കളുടെ ലഭ്യതയും പാൽ സംഭരണവും ഉറപ്പാക്കുകയും, ലോക്ക് ഡൗൺ കാലഘട്ടത്തിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകുകയും ചെയ്തു. കൂടാതെ 2.95 ലക്ഷം ചാക്ക് കാലിത്തീറ്റ ക്ഷീര കർഷകർക്ക് വിതരണം ചെയ്യുകയുമുണ്ടായി |
| (സി) | പ്രസ്തുത പ്രതിസന്ധികളുടെ കാലയളവിൽ ക്ഷീരകാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകരെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | തീറ്റവസ്തുക്കളുടെ ലഭ്യതയും പാൽ സംഭരണവും ഉറപ്പാക്കി. കൂടാതെ ഈ കാലഘട്ടത്തിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകി. 2.95 ലക്ഷം ചാക്ക് കാലിത്തീറ്റയും നൽകി. ക്ഷീര സഹകരണ സംഘം ജീവനക്കാർക്ക് കോവിഡ് ബാധിച്ച് പാൽ സംഭരണം നടത്താൻ കഴിയാ തിരുന്ന സാഹചര്യത്തിൽ ബദൽ സംവിധാനങ്ങളിലൂടെ പാൽ സംഭരണം തടസ്സം കൂടാതെ നിർവ്വഹിച്ചു. ക്ഷീര സഹകരണ സംഘ ങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും പാൽ സംഘത്തിലെത്തി ക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തി. മിൽമയടക്കമുള്ള സഹകരണ സ്ഥാപനങ്ങളുടെ പാൽ വില്പനയിൽ കുറവുണ്ടായ സ്ഥലങ്ങളിൽ അതത് ജില്ലാ കളക്ടർമാരുടെ സഹകരണ ത്തോടെ പാൽ വിപണന ബൂത്തുകൾ |

| | | | |
|---|---|---|---|
| | | | തുറന്നു പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചു. 01.03.2020 മുതൽ 20.03.2020 വരെയുള്ള കാലയളവിൽ ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങൾ അളന്ന ഓരോ ലിറ്റർ പാലിനും 1/- രൂപ ആശ്വാസ ധനസഹായമായി നൽകി യിരുന്നു (പരമാവധി 1000/- രൂപ). കോവിഡ് രോഗ ബാധിതരായ ക്ഷീരകർഷക ക്ഷേമനിധി അംഗ ങ്ങൾക്ക് 10,000/- രൂപയും കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗ ങ്ങൾക്ക് 2,000/- രൂപയും ധന സഹായമായി അനുവദിക്കുന്നുണ്ട്. തീറ്റ വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കാൻ സംഘങ്ങളിലൂടെ 10 ലക്ഷം രൂപ സബ്സിഡിയോടെ വൈക്കോൽ വിതരണം ചെയ്തു. |

സെക്ഷൻ ഓഫീസർ